പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 331

26.06.2012-ലെ മറുപടിയ്ക്ക്

## വീട്ടുമുറ്റത്തൊരു ത്രിവേണി പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുരളീധരൻ<br>,, കെ. ശിവദാസൻ നായർ<br>,, പാലോട് രവി<br>,, ലൂഡി ലൂയിസ് | ശ്രീ.സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) വീട്ടുമുറ്റത്തൊരു ത്രിവേണി പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (എ) ഒരു ത്രിവേണി സൂപ്പർ മാർക്കറ്റിൽ ലഭ്യമാകുന്ന എല്ലാ ഇനം നിത്യോപയോഗ സാധനങ്ങളും മതിയായ അളവിൽ ശേഖരിച്ചു വച്ച് മിതമായ നിരക്കിൽ ഉപഭോക്താക്കളുടെ വീട്ടുമുറ്റത്തോ വീട്ടിന് ഏറ്റവും അടുത്തുള്ള പ്രദേശത്തോ സഞ്ചരിക്കുന്ന/ഒഴുകുന്ന ത്രിവേണി മുഖേന എത്തിച്ചു കൊടുക്കുന്നതിന് കൺസ്യൂമർഫെഡറേഷൻ ആവിഷ്കരിച്ചു നടപ്പാക്കി വരുന്ന നൂതന സംരംഭമാണ് വീട്ടുമുറ്റത്തൊരു ത്രിവേണി പദ്ധതി. |
| (ബി) സംസ്ഥാനത്ത് പദ്ധതിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് 9 സ്ഥലങ്ങളിലായി മൊബൈൽ ത്രിവേണികൾ വിജയകരമായി പ്രവർത്തിച്ചു വരുന്നു. കൂടാതെ 50 മൊബൈൽ ത്രിവേണി സ്റ്റോർ വാഹനങ്ങളുടെ പ്രവർത്തനം കൂടി ആരംഭിച്ചിട്ടുണ്ട്. |
| (സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്; | (സി) 10 സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ ആരംഭിക്കുന്നതിനായി കേന്ദ്ര ഉപഭോക്തൃ മന്ത്രാലയത്തിന്റെ കീഴിലുള്ള ഉപഭോക്തൃ കാര്യ വകുപ്പിൽ നിന്നും ഗ്രാന്റ് ഇൻ എയ്ഡ് ആയി 1.125 കോടി രൂപ സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ട്. കൂടാതെ കൺസ്യൂമർ ഫെഡറേഷന്റെ സ്വന്തം ഫണ്ടും ഉപയോഗിച്ചാണ് പദ്ധതി നടപ്പാക്കുന്നത്. |

| | | | |
|---|---|---|---|
| (ഡി) | സംസ്ഥാനത്ത് മുഴുവൻ ഈ പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ഡി) | സംസ്ഥാനത്തെ 140 നിയോജക മണ്ഡലങ്ങളിലും ഈ വർഷം തന്നെ പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ